**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246** **01-03-2023 - ൽ മറുപടിയ്ക്ക്**

**റോഡിലെ കുഴികൾ മൂലമുള്ള അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,**<br>**ശ്രീ. ടി. ജെ. വിനോദ്,**<br>**ശ്രീ സി ആർ മഹേഷ്,**<br>**ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ പ്രവൃത്തികളോടനുബന്ധിച്ച് വാട്ടർ അതോറിറ്റി അടക്കമുള്ള ഏജൻസികൾ റോഡുകളിൽ എടുക്കുന്ന കുഴികളിൽ വീണ് അപകടങ്ങൾ പതിവാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വാട്ടർ അതോറിറ്റി അടക്കമുള്ള വിവിധ ഏജൻസികൾ റോഡുകളിൽ എടുക്കുന്ന കുഴികളിൽ വീണ അപകടങ്ങൾ ഉണ്ടാകുന്ന സംഭവങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എറണാകുളം, കങ്ങരപ്പടിയിൽ പൈപ്പ് മാറ്റാൻ എടുത്ത കുഴിയിൽ വീണ് യുവാവ് മരിച്ച സംഭവത്തിന് സമാനമായവ ആവർത്തിക്കാതിരിക്കാൻ മറ്റ് വകുപ്പുകളുമായി ചേർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ജലഅതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേബിളുകൾക്ക് വേണ്ടിയും റോഡുകൾ വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലേയും ജലവിഭവ വകുപ്പിലേയും ഉദ്യോഗസ്ഥരെ അംഗങ്ങളായി ഉൾപ്പെടുത്തി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായി ഒരു സമിതി, 07.01.2022 ലെ ജി.ഒ(ആർ.ടി)നം.20/2022/പൊമവ പ്രകാരം രൂപീകൃതമായിട്ടുണ്ട്. കൂടാതെ റോഡുകൾ വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗരേഖ 24.02.2022 ലെ ജി.ഒ (എം.എസ്) നം.8/2022/ പി.ഡബ്ല്യൂ.ഡി, 14.02.2023 ലെ ജി.ഒ (എം.എസ്) നം.11/2023/പി.ഡബ്ല്യൂ.ഡി എന്നിവയും നിലവിലുണ്ട്. ഇത് പ്രകാരമാണ് നിലവിൽ റോഡ് കുഴിക്കുന്നതിന് അനുതി നൽകുന്നത്. പ്രസ്തുത ഉത്തരവുകളിൽ റോഡുകളിൽ കുഴികളെടുക്കുമ്പോൾ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. ഇതിൽ റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം റോഡുകളിൽ കുഴികളെടുക്കുമ്പോൾ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ ഇത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | റോഡുകളിൽ കുഴി എടുക്കുമ്പോൾ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നുണ്ട് എന്നത് ഉറപ്പു വരുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി റോഡുകളിൽ കുഴികൾ എടുക്കുമ്പോൾ അപകട മുന്നറിയിപ്പ് നൽകുന്നതിനായി ഉചിതമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്നുള്ള വ്യവസ്ഥയോടെയാണ് ബന്ധപ്പെട്ട ഏജൻസിക്ക് റോഡ് മുറിക്കാനുള്ള അനുവാദം നൽകി വരുന്നത്. അപ്രകാരം ഗതാഗത സുരക്ഷയ്ക്കായി സൈൻ ബോർഡുകൾ, traffic zone temporary barricade, direction indicator barricade, രാത്രികാലങ്ങളിൽ warning lights എന്നിവ ബന്ധപ്പെട്ട ഏജൻസികൾ സ്ഥാപിക്കാറുണ്ട്. റോഡുകൾ കുഴിക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നതിന് ബന്ധപ്പെട്ട ഏജൻസികൾ ഉത്തരവാദിയാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ